കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സാധുക്കളായ വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം എന്ന പ്രോജക്ട് നടപ്പാക്കുന്നതിന് പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന് പ്രത്യേക അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 434/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 26.02.2019

---

പരാമർശം :- 1. തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.12.2018-ലെ കത്ത്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.02.2019 ലെ തീരുമാനം നം. 4.24

ജനറൽ വിഭാഗത്തിൽപ്പെടുന്ന വിധവകളായവരുടെ പെൺമക്കൾക്ക് വിവാഹ ധനസഹായത്തിന് പ്രോജക്ട് (പ്രോ.നം.147/19 സാധുക്കളായ വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം) പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് ഈ വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രത്യേക അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

2.പരാമർശം (2) ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിശോധിച്ചു. ടി യോഗ തീരുമാന പ്രകാരം സാധുക്കളായ വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം (പ്രോ.നം.147/19 ) നടപ്പാക്കുന്നതിന് പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു. 30,000/- രൂപ നിരക്കിൽ വിവാഹ ധനസഹായം നൽകാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
ജില്ലാ പ്ലാനിംഗ് ഓഫീസർ, തൃശ്ശൂർ
പ്രസിഡണ്ട്, സെക്രട്ടറി, പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:-** ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ